# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1762

17/06/2013 – ൽ മറുപടിക്ക്

## കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ സ്ഥലം ലുലു ഗ്രൂപ്പിന് പാട്ടത്തിന് നൽകിയ നടപടിക്രമം

**ചോദ്യം**

ശ്രീ. എസ്. ശർമ്മ

**ഉത്തരം**

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)

എ) കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ മുളവുകാട് ബോൾഗാട്ടിയിലുള്ള സ്ഥലം ലുലു ഗ്രൂപ്പിന് പാട്ടത്തിന് നൽകിയിട്ടുള്ളത് എത്ര വർഷത്തേക്കാണെന്നും ഇതിനായി സ്വീകരിച്ച നടപടി ക്രമങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ;

എ) ഷിപ്പിംഗ് മന്ത്രാലയത്തിന്റെ അംഗീകാരത്തോടുകൂടി കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ ബോൾഗാട്ടിയിലുള്ള സ്ഥലം 30 വർഷത്തേയ്ക്കാണ് ലുലു ഗ്രൂപ്പിന് പാട്ടത്തിന് നൽകിയിട്ടുള്ളത്. പ്രസ്തുത ആവശ്യത്തിനായി കൊച്ചിൻ പോർട്ട് ട്രസ്റ്റ് ടെൻഡർ ക്ഷണിക്കുകയുണ്ടായി. ടെൻഡർ, Times of India, Malayala Manorama എന്നീ പത്രങ്ങളിലും കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ വെബ്സൈറ്റിലും നോട്ടീസ് ബോർഡുകളിലും പ്രസിദ്ധീകരിക്കുകയും ചെയ്തു. കൂടാതെ പ്രമുഖ നിക്ഷേപകരായ Leela Group, Taj Group, Oberoi Group, ITDC എന്നിവർക്ക് കൊച്ചിൻ പോർട്ട് ട്രസ്റ്റ് കത്ത് എഴുതുകയും, നിക്ഷേപകരായ Casino Group, the Synthite Group, Chatwal Group എന്നിവരെ പോർട്ട് ഓഫീസർ നേരിട്ട് ബന്ധപ്പെടുകയുമുണ്ടായി.

എന്നാൽ ശ്രീ. യൂസഫ് അലിയുടെ ടെൻഡർ മാത്രമാണ് ലഭിച്ചത്. പ്രസ്തുത ടെൻഡർ 21/08/2010 ൽ തുറക്കുകയും വകുപ്പ് നിശ്ചയിച്ച തുകയേക്കാൾ ഹെക്ടറിന് 22.99 % അധിക തുക ടെൻഡറിൽ രേഖപ്പെടുത്തുകയും ചെയ്തതായി കണ്ടതിനാൽ 26/11/2010 ൽ 10.59 ഹെക്ടർ ഭൂമി ലുലു ഗ്രൂപ്പിന് 30 വർഷത്തെ പാട്ട വ്യവസ്ഥയിൽ കൈമാറുകയുണ്ടായി.

| | | | |
|---|---|---|---|
| ബി) | എത്ര ഏക്കർ ഭൂമിയാണ് പാട്ടത്തിനായി നൽകിയതെന്നും പാട്ടമായി ലഭിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ; | ബി) | 10.59 ഹെക്ടർ ഭൂമിയാണ് പാട്ടത്തിന് നൽകിയത്. ₹ 71,37,66,000/- രൂപയാണ് പാട്ടതുകയായി ലഭിച്ചത്. |
| സി) | പാട്ടതുക നിശ്ചയിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡമെന്തെന്ന് വ്യക്തമാക്കാമോ ? | സി) | 08/03/2004 ലെ സർക്കാർ ലാന്റ് പോളിസി ഗൈഡ്ലൈൻ പ്രകാരം പാട്ടതുക കണക്കാക്കുകയും അംഗീകൃത Valuer നിശ്ചയിച്ച തുക അംഗീകരിക്കുകയും പ്രസ്തുത Net Price Value ലാന്റ് പോളിസി ഗൈഡ് ലൈൻ പ്രകാരം കണക്കാക്കി 6 % discount ഉം 2 % വാർഷിക വർദ്ധനയും കൂട്ടിയാണ് പാട്ടതുക കണക്കാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ.